**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2195** **20-01-2021 - ൽ മറുപടിയ്ക്ക്**

**വണ്ടൂരിലെ ഗവ. ഹോമിയോപ്പതിക് കാൻസർ ആശുപത്രി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ . പി . അനിൽ കുമാർ** | | **Smt. K. K .Shailaja Teacher**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി)** | |
| (എ) | മലപ്പുറം ജില്ലയിലെ വണ്ടൂരിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് ഹോമിയോപ്പതിക് കാൻസർ ആശുപത്രിയും സെൻട്രൽ കൗൺസിൽ ഫോർ റിസർച് ഇൻ ഹോമിയോപ്പതിയും (സി.സി.ആർ.എച്ച്) തമ്മിൽ ധാരണാപത്രം ഒപ്പിട്ടുവാനും റിസർച്ച് ഫെല്ലോഷിപ്പുകൾ ആരംഭിക്കുവാനുമുള്ള തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത തീരുമാനത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ ? | (എ) | ക്യാൻസർ രോഗത്തിന് ഹോമിയോപ്പതിയിലൂടെ എങ്ങനെ പരിഹാരം കണ്ടെത്താം എന്നത് സംബന്ധിച്ച് സെൻട്രൽ കൗൺസിൽ ഫോർ റിസർച്ച് ഇൻ ഹോമിയോപ്പതി (CCRH) യുടെ നേതൃത്വത്തിൽ 2019 ജൂലൈ 19, 20 തീയതികളിൽ ഡൽഹിയിൽ വെച്ച് നടന്ന സബ്കമ്മിറ്റി ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ് (Minutes) പ്രകാരം CCRH, മലപ്പുറം ജില്ലയിലെ വണ്ടൂരിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് ഹോമിയോപ്പതിക് ക്യാൻസർ ആശുപത്രിയുമായി ക്യാൻസർ റിസർച്ച് നടത്തുന്നതിനും റിസർച്ച് ഫെലോഷിപ്പുകൾ ആരംഭിക്കുന്നതിനും മുന്നോടിയായി ഒരു ധാരണാപത്രം ഒപ്പിടുന്നതിനായി തീരുമാനിച്ചിരുന്നു. എന്നാൽ കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ